രക്ഷയുടെ പാതയിൽ–3



3

# ജീവദാതാവായ ദൈവം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 3

# പാപം ബന്ധങ്ങളെ തകർക്കുന്നു.




പാപം ചെയ്ത ആദത്തിന്റെയും ഹവ്വായുടെയും ജീവിതത്തിൽ അസ്വസ്ഥതകളാരംഭിച്ചു. അവർ മറ്റുള്ളവരെ കുറ്റപ്പെടുത്താൻ തുടങ്ങി.



ദൈവം ആദത്തോടു ചോദിച്ചു: തിന്നരുതെന്ന് ഞാന്‍ കല്പിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ? ആദം പറഞ്ഞു: അങ്ങ് എനിക്ക് കൂട്ടിനുതന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്കു തന്നു; ഞാന്‍ അതു തിന്നു. (ഉല്‍പ്പത്തി 3:11–12)

ഹവ്വായോട് ചോദിച്ചപ്പോള്‍ അവള്‍ സര്‍പ്പത്തെ കുറ്റപ്പെടുത്തി.



നീ കോപിച്ചിരിക്കുന്നത് എന്തിന്? നിന്റെ മുഖം വാടിയിരിക്കുന്നത് എന്തുകൊണ്ട്? ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? (ഉൽപത്തി 4:6–7).





കർത്താവ് കായേനോടു ചോദിച്ചു: നിന്റെ സഹോദരൻ ആബേൽ എവിടെ? കായേൻ മറുപടി പറഞ്ഞു: എനിക്കറിഞ്ഞുകൂടാ, എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?



കായേൻ കർത്താവിന്റെ സന്നിധിവിട്ട് ഏദനു കിഴക്ക് നോദുദേശത്ത് വാസമുറപ്പിച്ചു (ഉൽപത്തി 4:16).

ആദത്തിനും ഹവ്വായ്ക്കും വേറെയും പുത്രന്മാരും പുത്രിമാരും ഉണ്ടായി, അവരുടെ സന്താന പരമ്പരയിലൂടെ മനുഷ്യൻ ഭൂമിയിൽ പെരുകി. അവർ ദൈവത്തെ ധിക്കരിച്ച് പാപം ചെയ്തു. ഭൂമുഖത്ത് മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവ് പരിതപിച്ചു; അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു (ഉൽപത്തി 6:6).



ദൈവത്തെ വേദനിപ്പിക്കുകയാണ് മനുഷ്യന്റെ ഏറ്റവും വലിയ തെറ്റ്. ആ തെറ്റു ചെയ്യാതെ ജീവിക്കുവാൻ നമ്മൾ ശ്രദ്ധിക്കണം. കാരണം, ദൈവത്തിന്റെ മക്കളായ നാം അവിടുത്തെ ഒരിക്കലും വേദനിപ്പിക്കരുത്.



# നമുക്കു പ്രാർത്ഥിക്കാം

**സ്നേഹപിതാവായ ദൈവമേ,**
**അങ്ങേയ്ക്ക് പ്രീതികരമായ**
**ജീവിതം നയിക്കുവാൻ**
**എന്നെ സഹായിക്കണമേ.**



# നമുക്കു പാടാം



മക്കളാം നമ്മൾതൻ പാപങ്ങൾ
ദൈവത്തെ വേദനിപ്പിച്ചീടും
ദൈവത്തിൽ നിന്നുമകന്നാലോ
സോദരരന്യരായ് തീർന്നിടും

പാപങ്ങൾ ചെയ്തെന്റെ താതനെ
വേദനിപ്പിക്കില്ലൊരിക്കലും
ചിതമായ് നീ വർത്തിക്കുമെങ്കിലോ
ദൈവത്തിൻ സംപ്രീതി നേടിടാം.

# എന്റെ തീരുമാനം

**എന്റെ സഹോദരരെ ഞാൻ സ്നേഹിക്കും. കഴിയുംവിധം ഞാനവരെ സഹായിക്കും.**

Thank you